**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4735** **19-03-2025 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിലെ പട്ടികജാതി കുടുംബങ്ങൾക്കുള്ള കുടിവെള്ളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി മണ്ഡലത്തിൽ മുനിസിപ്പൽ പരിധിയിൽ വരുന്ന കോട്ടാശ്ശേരി, മൂച്ചിക്കുണ്ട് പട്ടികജാതി നഗറുകളിൽ കുടിവെള്ളം എത്തിക്കുന്നതിന് നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് വാട്ടർ അതോറിറ്റിയും അമൃത് പദ്ധതിയും വിഭാവനം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കൊണ്ടോട്ടി നഗരസഭയിൽ അമൃത് പദ്ധതിയിൽ 14000 കണക്ഷൻ നൽകുന്ന പ്രവൃത്തി മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത കണക്ഷൻ നൽകുവാനുള്ള ഉല്പാദന ഘടകങ്ങൾ ഉൾപ്പടെയുള്ള അനുബന്ധ പ്രവൃത്തികൾ KIIFB യിലാണ് അനുമതി ലഭിച്ചിട്ടുള്ളത്. ഇതിനായി 108.698 കോടി രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തികൾ 5 പാക്കേജുകളായി നടപ്പിലാക്കിവരുന്നു. ഇതിൽ 4 പാക്കേജുകളുടെ പ്രവൃത്തി 95% പൂർത്തീകരിച്ചതാണ്. ചാർജിംഗ്, കമ്മീഷനിംഗ് പ്രവൃത്തികൾ വൈദ്യുതി കണക്ഷൻ ലഭിച്ചാൽ മാത്രമേ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് ഡെഡിക്കേറ്റഡ് ഫീഡർ ലൈനിന്റെ പ്രവൃത്തി KSEB യിൽ നടന്നു കൊണ്ടിരിക്കുന്നു. കൊണ്ടോട്ടി മുനിസിപ്പാലിറ്റി കിഫ്ബി പദ്ധതിയിൽ പാക്കേജ് 3B യിൽ കോട്ടാശ്ശേരി, മൂച്ചിക്കുണ്ട് പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനായി ശ്യാംജിനഗർ എന്ന പ്രദേശത്ത് 1 ലക്ഷംലിറ്റർ കപ്പാസിറ്റി വരുന്ന Sump cum Pumphouse, അമ്പലപ്പടി പ്രദേശത്തും, ചെരുപ്പടിപ്രദേശത്തും 0.75 ലക്ഷംലിറ്റർ കപ്പാസിറ്റി വീതം വരുന്ന രണ്ട് Sump cum Pumphouse, മൂച്ചിക്കുണ്ട്പ്രദേശത്തും, വളയംകണ്ടംപ്രദേശത്തും 0.70 ലക്ഷംലിറ്റർ കപ്പാസിറ്റി വീതം വരുന്ന രണ്ട് OHSR ഉം കൂടാതെ ഈ റിസെർവോയറിലേക്കുള്ള പമ്പിങ്മെയിൻ, ഈ ഭാഗങ്ങളിലേക്കുള്ള വിതരണ ശൃംഖലയുടെയും പ്രവൃത്തികൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ടാങ്കുകളുടെ പ്രവൃത്തികൾക്ക് വേണ്ടി ശ്യാംജിനഗറിലും ചെരുപടിയിലും സൈറ്റ് ക്ലിയറൻസ് പ്രവൃത്തികളും ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ടാങ്കുകളുടെയും വിതരണ ശൃംഖലയുടെയും പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് കൊണ്ടോട്ടി മുനിസിപാലിറ്റിയിൽ നടന്നു വരുന്ന അമൃത് പദ്ധതിയിൽ നിന്നും ഈ പ്രദേശത്ത |

| | | | |
|---|---|---|---|
| | | | കുടിവെള്ളകണക്ഷനുകൾ (FHTC)-കൾ നൽകാൻ സാധിക്കുന്നതാണ്. |
| (ബി) | കുടിവെള്ള ക്ഷാമം രൂക്ഷമായ ഈ പ്രദേശങ്ങളിൽ മുഴുവൻ കുടുംബങ്ങൾക്കും കുടിവെള്ളം എത്തിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ പര്യാപ്തമാണോയെന്ന് വ്യക്തമാക്കുമോ; | (ബി) | കുടിവെള്ളക്ഷാമം രൂക്ഷമായ ഈ പ്രദേശങ്ങളിൽ മുഴുവൻ കുടുംബങ്ങൾക്കും കുടിവെള്ളം എത്തിക്കുന്നതിനാവശ്യമായ വിതരണ ശൃംഖലയുടെ പ്രവൃത്തികൾ കിഫ്ബി പദ്ധതിയിൽ ഭരണാനുമതി തുകയുടെ അപര്യാപ്തത കാരണം ഉൾപ്പെടുത്തുവാൻ സാധിച്ചിരുന്നില്ല. ആയതിനാൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന അമൃത്, കിഫ്ബി പ്രവർത്തികൾക്ക് പുറമെ 3.50കോടി രൂപയുടെ പ്രൊപ്പോസൽ അമൃതിൽ അനുമതിക്കായി സമർപ്പിക്കുകയും, ആയത് SWAP 3 ബഫർ ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഈ രണ്ട് പ്രദേശങ്ങളിലെ മുഴുവൻ വീടുകളിലും നിലവിലെ പദ്ധതികളിൽ നിന്നും കുടിവെള്ളം എത്തിക്കും എന്നത് ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | കോട്ടശ്ശേരി, മൂച്ചികുണ്ട് പ്രദേശങ്ങളിലെ മുഴുവൻ വീടുകളിലും വെള്ളം എത്തിക്കുന്നതിന് പര്യാപ്തമായ വിതരണ ശൃംഖല നിലവിൽ നടന്നു കൊണ്ടിരിക്കുന്ന കിഫ്ബി, അമൃത് പദ്ധതികളിൽ പൂർത്തീകരിക്കാൻ സാധിക്കില്ല. ആയതിന് അഡീഷണലായി സമർപ്പിച്ച 3.50കോടി അമൃത് പ്രൊപ്പോസൽ അംഗീകാരം ലഭിച്ച് പ്രാവർത്തികമാക്കേണ്ടതുണ്ട്. ടി പദ്ധതി SWAP 3 ബഫർ ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിനു നിലവിലെ പ്രവൃത്തികളിൽ ബാലൻസ് തുക ലഭ്യമാകുന്ന സാഹചര്യത്തിൽ ബഫർ ലിസ്റ്റിലുള്ള പ്രൊപ്പോസലുകൾക്ക് അനുമതി ലഭ്യമാകും. |

സെക്ഷൻ ഓഫീസർ